# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 742 — 02.12.2015 ലെ മറുപടിക്ക്

# സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.ബേബി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ അലോട്ട്മെന്റ് നിരസിച്ച് ന്യൂനപക്ഷ പദവിയുടെ മറവിൽ ലക്ഷങ്ങൾ ഫീസും തലവരിയും കോഴയും ഈടാക്കി എം.ബി.ബി.എസ്. പ്രവേശനം നടത്തിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006) ലെ 14 (1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി |

കരാറിലേർപ്പെടാതെ മാറി നിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ സർക്കാർ അലോട്ട്മെന്റ് നടത്താമായിരുന്ന എത്ര എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി; 2015-16-ൽ നഷ്ടപ്പെട്ട സീറ്റുകൾ എത്ര;

(ബി) 2014-15 അധ്യയന വർഷത്തിൽ 325 സീറ്റുകളും 2015-16 ൽ 375 സീറ്റുകളും നഷ്ടപ്പെടുകയുണ്ടായി.

(സി) സർക്കാരുമായി കരാറിലെത്താൻ തയ്യാറാകാത്ത സ്വാശ്രയ കോളേജുകൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് ഫലത്തിൽ സ്വന്തം നിലയിൽ കോഴവാങ്ങി പ്രവേശനം നടത്താൻ സ്വാശ്രയ മാനേജുമെന്റുകൾക്ക് അവസരം നൽകുകയായിരുന്നുവോ; കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിന് കത്ത് നൽകിയത് എപ്പോൾ?

(ഡി) 2014-15-ൽ കരാറിലെത്താൻ വിമുഖത കാണിച്ച എതെങ്കിലും സ്വാശ്രയ കോളേജിന്റെ അംഗീകാരം പുതുക്കി നൽകാതിരിക്കാൻ സർക്കാർ ഇടപെടുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

(സി) & (ഡി): യഥാസമയം നടപടി സ്വീകരിക്കുകയും 2014-15 അധ്യയന വർഷം സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ പിൻവലിച്ചുകൊണ്ട് 10.3.2015-ലെ സ.ഉ.(ആർ.റ്റി) 810/2015/ആ.കു.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ